ഫാറം എൻ - 6

# തെരഞ്ഞെടുപ്പ് നിയമങ്ങളിലെ ശിക്ഷകളെ സംബന്ധിച്ച് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കുള്ള അറിയിപ്പ്

തെരഞ്ഞെടുപ്പിൽ അഴിമതി പ്രവർത്തനങ്ങളേയും തെരഞ്ഞെടുപ്പ് കുറ്റങ്ങളേയും സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും വകുപ്പുകളും, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ IX-എ അദ്ധ്യായത്തിലെ തെരഞ്ഞെടുപ്പ് കുറ്റങ്ങളെ സംബന്ധിച്ച വകുപ്പുകളും നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു:

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും വകുപ്പുകൾ :

എ. അഴിമതി പ്രവൃത്തികൾ :—കേരള പഞ്ചായത്ത് രാജ് ആക്ടിലെ 120-ഉം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 144-ഉം വകുപ്പുകൾ.

(1) കൈക്കൂലി കൊടുക്കലോ വാങ്ങലോ;

(2) അനുചിതമായ സ്വാധീനം;

(3) മതമോ, വംശമോ, ജാതിയോ, സമുദായമോ, ഭാഷയോ കാരണമാക്കി വോട്ടു ചെയ്യുവാനോ അതിൽ നിന്നും ഒഴിഞ്ഞു നിൽക്കാനോ അഭ്യർത്ഥിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യൽ;

(4) മതമോ, വംശമോ, ജാതിയോ, സമുദായമോ, ഭാഷയോ കണക്കാക്കി ഭാരത പൗരൻമാരുടെ വ്യവസ്ഥ വർഗ്ഗങ്ങൾ തമ്മിൽ ശത്രുതാപരമായ വികാരങ്ങളോ, വെറുപ്പോ പുലർത്തുകയോ പുലർത്താൻ ശ്രമിക്കുകയോ ചെയ്യുന്നത്;

(5) സ്ഥാനാർത്ഥിയുടെ വ്യക്തിപരമായ സ്വഭാവമോ, പെരുമാറ്റമോ സംബന്ധിച്ചോ അയാളുടെ സ്ഥാനാർത്ഥിത്വത്തെ സംബന്ധിച്ചോ വ്യാജ പ്രസ്താവന പ്രസിദ്ധപ്പെടുത്തുന്നത്;

(6) സമ്മതിദായകനെ സൗജന്യമായി കൊണ്ടുപോകുന്നതിനുവേണ്ടി ഏതെങ്കിലും വാഹനമോ, ജലയാനമോ വാടകയ്ക്കെടുക്കുകയോ സമ്പാദിക്കുകയോ ചെയ്യുന്നത്;

(7) നിശ്ചിത പരിധിയിൽ കവിഞ്ഞ് തെരഞ്ഞെടുപ്പ് ചെലവ് വഹിക്കുകയോ, വഹിക്കാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നത്;

(8) നിർണ്ണയിക്കപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ സർക്കാർ ഉദ്യോഗസ്ഥന്റെയോ തദ്ദേശ ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്റെയോ സഹായം തേടുകയോ, സമ്പാദിക്കുകയോ, അല്ലെങ്കിൽ നേടാനോ സമ്പാദിക്കാനോ ശ്രമിക്കുകയോ ചെയ്യുന്നത്;

(9) സ്ഥാനാർത്ഥിയോ അയാളുടെ തെരഞ്ഞെടുപ്പ് ഏജന്റോ അല്ലെങ്കിൽ അവരുടെ സമ്മതത്തോടെ മറ്റേതെങ്കിലും ആളോ ബൂത്ത് പിടിച്ചെടുക്കുന്നത്.

ബി. തെരഞ്ഞെടുപ്പ് കുറ്റങ്ങൾ :—

| *കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പുകൾ* | *കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പുകൾ* | *വിവരണം* |
|---|---|---|
| (1) | (2) | (3) |
| 121 | 145 | തെരഞ്ഞെടുപ്പ് സംബന്ധിച്ച് വർഗ്ഗങ്ങൾ തമ്മിൽ ശത്രുത വളർത്തുന്നത്. |
| 122 | 146 | തെരഞ്ഞെടുപ്പ് ദിവസവും തൊട്ടു മുമ്പുള്ള ദിവസവും പൊതുയോഗങ്ങൾക്കെതിരെയുള്ള നിരോധനം അവഗണിച്ച് പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യൽ. |
| 123 | 147 | തെരഞ്ഞെടുപ്പ് യോഗങ്ങളിൽ കലഹമുണ്ടാക്കുന്നത്. |
| 124 | 148 | ലഘുലേഖകൾ, പോസ്റ്ററുകൾ മുതലായവയുടെ അച്ചടിയിൻമേലുള്ള നിയന്ത്രണങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുക. |

[മറുപുറം

| (1) | (2) | (3) |
|---|---|---|
| 125 | 149 | വോട്ട് ചെയ്യലിന്റെ രഹസ്യസ്വഭാവം പരിപാലിക്കാതിരിക്കുക. |
| 127 | 151 | പോളിംഗ് സ്റ്റേഷനിലോ അതിനടുത്തോ വച്ച് വോട്ട് പിടിക്കുന്നതിനുള്ള നിരോധനം അവഗണിച്ച് പ്രവർത്തിക്കുക. |
| 128 | 152 | പോളിംഗ് സ്റ്റേഷനിലോ അടുത്തോ വച്ച് ക്രമരഹിതമായി പെരുമാറുന്നത്. |
| 129 | 153 | പോളിംഗ് സ്റ്റേഷനിൽ അനുചിതമായി പെരുമാറുന്നത്. |
| 131 | 155 | തെരഞ്ഞെടുപ്പിൽ വാഹനങ്ങൾ നിയമവിരുദ്ധമായി കൂലിക്കെടുക്കുകയോ ആർജ്ജിക്കുകയോ ചെയ്യുന്നത്. |
| 136 | 160 | പോളിംഗ് സ്റ്റേഷനിൽ നിന്നും ബാലറ്റ് പേപ്പർ നീക്കം ചെയ്യുന്നത്. |
| 137 | 161 | ബൂത്ത് പിടിച്ചെടുക്കൽ. |
| 138 | 162 | ബാലറ്റ് പെട്ടിയോ, രേഖകളോ, തെരഞ്ഞെടുപ്പ് റിക്കാർഡുകളോ അനധികൃതമായും, ക്രമവിരുദ്ധമായും കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്നത്. |

സി. ഇൻഡ്യൻ ശിക്ഷാ നിയമം IX-എ അദ്ധ്യായത്തിലെ താഴെ വിവരിക്കുന്ന വകുപ്പുകൾ തെരഞ്ഞെടുപ്പ് കുറ്റങ്ങളെ സംബന്ധിക്കുന്നത്:

| | | | |
|---|---|---|---|
| (എ) | 171 ബി വകുപ്പ് | .. | കൈക്കൂലി |
| (ബി) | 171 സി വകുപ്പ് | .. | തെരഞ്ഞെടുപ്പിൽ അനുചിതമായ പ്രേരണ. |
| (സി) | 171 ഡി വകുപ്പ് | .. | തെരഞ്ഞെടുപ്പിൽ ആൾമാറാട്ടം നടത്തുന്നത്. |
| (ഡി) | 171 ജി വകുപ്പ് | .. | തെരഞ്ഞെടുപ്പ് സംബന്ധിച്ച് അവാസ്തവ പ്രസ്താവന നടത്തുക. |
| (ഇ) | 171 എച്ച് വകുപ്പ് | .. | തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമ വിധേയമല്ലാത്ത ചെലവുകൾ ചെയ്യുക. |
| (എഫ്) | 171 ഐ വകുപ്പ് | .. | തെരഞ്ഞെടുപ്പ് ചെലവുകൾക്ക് കണക്ക് സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുക. |